"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - **KATHIR** ആപ്പിന്റെ ടെസ്റ്റിംഗുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിനായി കൃഷി അസിസ്റ്റന്റ് ശ്രീ റസ്റ്റും മണ്ടേലയുടെ സ്പെഷ്യൽ ഡ്യൂട്ടി ദീർഘിപ്പിച്ചു നൽകിയ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ചും- ശ്രീ റസ്റ്റും മണ്ടേല -യുടെ സ്പെഷ്യൽ ഡ്യൂട്ടി **01/05/2025** മുതൽ മൂന്നു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.**124/2025/AGRI** തീയതി,തിരുവനന്തപുരം, **17-02-2025**

---

പരാമർശം:-
1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **04/02/2025** ലെ **ADFW/9158/2024-SE2** നമ്പർ കത്ത്.
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **28/01/2025** ലെ **ADFW/9158/2024-SE2** നമ്പർ നടപടിക്രമം.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പുതുതായി ആരംഭിച്ച **KATHIR** ആപ്പിന്റെ ടെസ്റ്റിംഗുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിനായി ഡയറക്ടറുടെ കാര്യാലയത്തിലെ ഐ ടി സെല്ലിൽ മുണ്ടേരി കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ശ്രീ റസ്റ്റും മണ്ടേല യെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിക്കുകയും **KATHIR** ആപ്പിന്റെ ജോലികൾ പൂർത്തിയാവാത്തതിനാൽ സ്പെഷ്യൽ ഡ്യൂട്ടി ദീർഘിപ്പിച്ചു വരികയുമാണ് എന്നും കതിർ ആപ്പിൽ പുതുതായി ഉൾപെടുത്താൻ ഉദ്ദേശിക്കുന്ന കൃഷി സമൃദ്ധി ഇ മാർക്കറ്റ് പ്ലേസ്, ഫാം മെക്കാനിസെഷൻ തുടങ്ങിയ പദ്ധതികളുടെ / സേവനങ്ങളുടെ ജോലികൾ തുടരുന്നതിനും രജിസ്ട്രേഷൻ, ടെസ്റ്റിംഗ് മുതലായവ തുടർന്ന് കൊണ്ട് പോകുന്നതിനും പി ജി ഡിപ്ലോമ ഇൻ ഇ ഗവർണൻസ് കോഴ്സ് പൂർത്തിയാക്കിയ ശ്രീ റസ്റ്റും മണ്ടേലയുടെ സേവനം **01/02/2025** മുതൽ ആറു മാസത്തേക്ക് ദീർഘിപ്പിക്കുന്നതിനു കൃഷി അഡിഷണൽ ഡയറക്ടർ എക്സ്റ്റൻഷൻ ആവശ്യപ്പെട്ടിരിക്കുന്നു എന്നും അടിയന്തിര സാഹചര്യം കണക്കിലെടുത്തു ഡയറക്ടർ **01/02/2025** മുതൽ മൂന്നു മാസത്തേക്ക് സ്പെഷ്യൽ ഡ്യൂട്ടി ദീർഘിപ്പിച്ചു പരാമർശം **(2)** പ്രകാരം ഉത്തരവാക്കിയിരുന്നു എന്നും എന്നാൽ സ്പെഷ്യൽ ഡ്യൂട്ടി ആറു മാസത്തേക്ക് ആയതിനാൽ **01/02/2025** മുതൽ **31/04/2025** വരെ ഡയറക്ടർ അനുവദിച്ച സ്പെഷ്യൽ ഡ്യൂട്ടിക്കു സാധൂകരണം നൽകണമെന്നും കൂടാതെ **01/05/2025** മുതൽ മൂന്നു മാസത്തേക്ക് സ്പെഷ്യൽ ഡ്യൂട്ടി ദീർഘിപ്പിക്കുന്നതിനും

അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടിയന്തര സാഹചര്യം കണക്കിലെടുത്തു കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പുതുതായി ആരംഭിച്ച **KATHIR** ആപ്പിന്റെ ടെസ്റ്റിംഗുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിനായി ഡയറക്ടറുടെ കാര്യാലയത്തിലെ ഐ ടി സെല്ലിൽ മുണ്ടേരി കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ശ്രീ റസ്റ്റും മണ്ടേലയുടെ സ്പെഷ്യൽ ഡ്യൂട്ടി **01/02/2025** മുതൽ **31/04/2025** വരെ ദീർഘിപ്പിച്ചു നൽകിയ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) നടപടി സാധൂകരിച്ചു കൊണ്ടും കൃഷി അസിസ്റ്റന്റ് ശ്രീ റസ്റ്റും മണ്ടേല -യുടെ സ്പെഷ്യൽ ഡ്യൂട്ടി **01/05/2025** മുതൽ മൂന്നു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മൃണാൾസെൻ എം
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ റസ്റ്റും മണ്ടേല, കൃഷി അസിസ്റ്റന്റ് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA2/36/2025-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 17-02-2025 20:51:09
സെക്ഷൻ ഓഫീസർ